# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1485** **31.10.2019-ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ ഉല്പാദനവും വിതരണവും**

| ചോദ്യം<br>ശ്രീ.എൻ. വിജയൻ പിള്ള | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ ഉല്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ; | എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ, മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരവുമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിൽ ശക്തികുളങ്ങരയിൽ 'നളപാകം' എന്ന പേരിലുള്ള കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് മൂല്യവർദ്ധിത ഉണക്ക മത്സ്യവും, 'ഫിഷ് മെയ്ഡ്' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളും ഉൽപ്പാദിപ്പിച്ചു വിപണനം ചെയ്തുവരുന്നു. കൂടാതെ വിവിധങ്ങളായ മീൻ അച്ചാറുകളും ചമ്മന്തിപ്പൊടിയും കോർപ്പറേഷൻ മുഖേന വിപണിയിൽ എത്തിക്കുന്നു. നേരിട്ട് സൂപ്പർ മാർക്കറ്റുകൾ വഴിയും ഓൺലൈൻ മാർക്കറ്റിംഗിലൂടെയുമാണ് ഉണക്ക മത്സ്യ വിഭവങ്ങൾ വിപണനം നടത്തുന്നത്. ഇതുകൂടാതെ നിലവിലെ പ്ലാന്റ് നവീകരിക്കുന്നതിനും, മൊബൈൽ വിൽപ്പന യൂണിറ്റ് സജ്ജമാക്കുന്നതിനും, ഒരു ലഘുഭക്ഷണ ശാല സ്ഥാപിക്കുന്നതിനുമായി അനുമതിയും നൽകിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃശ്ശൂർ ജില്ലയിൽ ചാവക്കാട് ഒരു 'സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ്' സ്ഥാപിച്ചിട്ടുണ്ട്. ആയത് |

| | | | |
|---|---|---|---|
| | | | തുടർപ്രവർത്തനങ്ങൾക്കും പരിപാലനത്തിനുമായി ചാവക്കാട് മുനിസിപ്പാലിറ്റിക്ക് 06.06.2016 ന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇതിനായി സംസ്ഥാനത്ത് എവിടെയെല്ലാം ഫാക്ടറികൾ നിർമ്മിയ്ക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ? | ബി) | നിലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലം ജില്ലയിൽ ശക്തികുളങ്ങരയിൽ മാത്രമാണ് പ്രോസസ്സിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നത്. ശക്തികുളങ്ങരയിൽ നിലവിലുള്ള പ്രോസസ്സിംഗ് പ്ലാന്റ് വികസിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വിപണനരംഗത്ത് നവീനരീതികൾ അവലംബിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപ്പ സാമ്പത്തികവർഷത്തിൽ 2.07 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും കാണാതായവരുടേയും ആശ്രിതർക്ക് ഓഖിബാധിത മേഖലയിലെ മത്സ്യത്തൊഴിലാളി വനിതകൾക്കും തൊഴിൽ നൽകുന്നതിന് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് ഒരു മത്സ്യസംസ്കരണ കേന്ദ്രം ആരംഭിക്കുന്നതിന് 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന് പുറമെ, കണ്ണൂർ ജില്ലയിലെ ചലീൽ ഗോപാലപേട്ടയിൽ ഒരു 'സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ്' സ്ഥാപിക്കുന്നതി നുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ICZMP യുടെ Encore programme - ൽ ഉൾപ്പെടുത്തി അംഗീകാരവും ധനസഹായവും ലഭ്യമാക്കുന്നതിനു വേണ്ടി സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**